"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം പെങ്ങാമുക്ക് ഹൈസ്കൂളിലെ എഫ്.റ്റി.എം. ശ്രീ.തേജസ് എഡിസൺ സി. ഫയൽ ചെയ്ത റിട്ട് ഹർജി നം.33577/2024-ൽ 25.09.2024 തീയതി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1164/2025/GEDN തീയതി,തിരുവനന്തപുരം, 11-02-2025

---

പരാമർശം:-
1. ശ്രീ. തേജസ് എഡിസൺ സി യുടെ 7/7/2024ലെ റിവിഷൻ പെറ്റിഷൻ (എക്സിബിറ്റ് പി6)
2. റിട്ട് ഹർജി നം.33577/2024-ൽ 25.09.2024 തീയതി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
3. ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 8/11/2024ലെ DEOCKD/4309/2024-B6 നമ്പർ ഹിയറിങ് റിപ്പോർട്ട്
4. തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 14/11/2024ലെ DDE/9479/2024-B4 നമ്പർ ഹിയറിങ് റിപ്പോർട്ട്
5. ശ്രീ. തേജസ് എഡിസൺ സി യുടെ 17/11/2024ലെ ന്യായവാദപത്രിക
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/11/2024ലെ EC5/22342/2024/DGE നമ്പർ ഹിയറിങ് റിപ്പോർട്ട്

**ഉത്തരവ്**

തൃശ്ശൂർ പെങ്ങാമുക്ക് ഹൈസ്കൂളിലെ എഫ്.റ്റി.എം. ശ്രീ.തേജസ് എഡിസൺ സി. ഫയൽ ചെയ്ത റിട്ട് ഹർജി നം.33577/2024-ൽ 25.09.2024 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച എക്സിബിറ്റ് പി 6 റിവിഷൻ ഹർജി ഹർജിക്കാരൻ , ബന്ധപ്പെട്ടവർ എന്നിവരെ കേട്ട്, തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ 20.11.2024 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ഹർജിക്കാരൻ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ ചുവടെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു.

**ഹർജിക്കാരന്റെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്.**

4. ഹർജിക്കാരനെ 01/11/2021 മുതൽ ഫുൾടൈം മീനിയൽ തസ്തികയിൽ മാനേജർ നിയമിച്ചു.

1/11/2021 മുതലുള്ള ശ്രീ.തേജസ് എഡിസൺ സി.യുടെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ താൽക്കാലികമായി അംഗീകരിക്കുകയും നിയമനത്തീയതി മുതൽ ഉത്തരവ് തീയതി വരെയുള്ള ശമ്പളാനുകൂല്യങ്ങൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും ചെയ്തു. 2024 മാർച്ച് 4-ന് ഡിഇഒ, ചാവക്കാട് നൽകിയ ഉത്തരവിലെ നിർദ്ദേശം റദ്ദാക്കണമെന്നും, ടി കാലയളവിലെ ടിയാന് ബാധകമായ ശമ്പളം .പി എഫിൽ ലയിപ്പിക്കാതെ നേരിൽ ലഭ്യമാക്കണം എന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്/ വാദങ്ങൾ ഇപ്രകാരമാണ്

5. തൃശ്ശൂർ ജില്ലയിലെ പെങ്ങാമുക്ക് ഹൈസ്കൂളിലെ ഫുൾടൈം മീനിയൽ ശ്രീ.അരുൺ പി.ആർ.ന് 01/11/2021 ന്ന ക്ലാർക്ക് തസ്തികയിലേക്കു സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 01/11/2021 മുതൽ ശ്രീ. തേജസ് എഡിസൺ സി.യെ ഫുൾടൈം മീനിയൽ തസ്തികയിൽ മാനേജർ നിയമിച്ചു. 01/11/2023ലെ സർക്കാർ ഉത്തരവ് പ്രകാരം 18/11/2018 മുതൽ 08/11/2021 വരെയുള്ള കാലയളവിലെ ഒഴിവുകൾ ഭിന്നശേഷിക്കാർക്കായി മാറ്റി വച്ചിട്ടുള്ളവയാണ്. ആയതിനാൽ ടി ഒഴിവ് മാനേജർ ഭിന്നശേഷിക്കാരെ നിയമിക്കുന്നതിനായി കാറ്റഗറി 3ൽ നൽകിയിരുന്നു. 04/03/2024 ലെ ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി6/53059/2023 നമ്പർ ഉത്തരവ് പ്രകാരം 01/11/2021 മുതലുള്ള ശ്രീ.തേജസ് എഡിസൺ സി.യുടെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ താൽക്കാലികമായി അംഗീകരിക്കുകയും നിയമനത്തീയതി മുതൽ ഉത്തരവ് തീയതി വരെയുള്ള ശമ്പളാനുകൂല്യങ്ങൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കേണ്ടതാണെന്ന് ഉത്തരവാകുകയും ചെയ്തിരുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശമ്പളാനുകൂല്യങ്ങൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ച ഉത്തരവിനെതിരെയാണ് ശ്രീ. തേജസ് എഡിസൺ ബഹു. കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

6. ധനകാര്യ വകുപ്പിന്റെ 27/01/2021 ലെ സർക്കുലർ നമ്പർ 07/2021 പ്രകാരം എയ്ഡഡ് സ്കൂളുകളിലെ അംഗീകാരം ലഭിക്കാതിരുന്ന മുൻകാല നിയമനങ്ങളിൽ പിന്നീട് അംഗീകാരം ലഭിക്കുന്ന സാഹചര്യത്തിൽ ടി കാലയളവിലെ ശമ്പളകുടിശ്ശിക നിർബന്ധമായും അവരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ്. ടി തുക ജീവനക്കാർക്ക് നിയമനാംഗീകാരം നൽകിയ ഉത്തരവ് തീയതി മുതൽ 5 വർഷം കഴിഞ്ഞു മാത്രമേ പിൻവലിക്കാൻ കഴിയുകയുള്ളൂ. ടി ഉത്തരവ്, സംസ്ഥാന സർക്കാർ/എയിഡഡ് ജീവനക്കാർക്ക് ബാധകമാണ്. മേൽ ഉത്തരവിലൂടെ ടിയാളുടെ ശമ്പളം നിഷേധിക്കുന്നില്ല. നിലവിൽ പുതിയ ഉത്തരവുകൾ ഇല്ലാത്തതിനാൽ ഹർജിക്കാരന്റെ ആവശ്യം പരിഗണിക്കാൻ സാധിക്കുകയില്ല

**ഈ വിഷയം പരിശോധിച്ചതു സംബന്ധിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.**

7. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശമ്പളാനുകൂല്യങ്ങൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ച ഉത്തരവിനെതിരെയാണ് ശ്രീ. തേജസ് എഡിസൺ ബഹു. കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

8. ധനകാര്യ വകുപ്പിന്റെ 27/01/2021 ലെ സർക്കുലർ നമ്പർ 07/2021 പ്രകാരവും, JR1/562/23 നം കത്ത് പ്രകാരവും എയ്ഡഡ് സ്കൂളുകളിലെ അംഗീകാരം ലഭിക്കാതിരുന്ന മുൻകാല നിയമനങ്ങളിൽ പിന്നീട് അംഗീകാരം ലഭിക്കുന്ന സാഹചര്യത്തിൽ ടി കാലയളവിലെ ശമ്പളകുടിശ്ശിക നിർബന്ധമായും അവരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണെന്നും ടി തുക ജീവനക്കാർക്ക് നിയമനാംഗീകാരം നൽകിയ ഉത്തരവ്

തീയതി മുതൽ 5 വർഷം കഴിഞ്ഞു മാത്രമേ പിൻവലിക്കാൻ കഴിയുകയുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്.

9. മേൽ സാഹചര്യത്തിൽ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശമ്പളാനുകൂല്യങ്ങൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ച ഉത്തരവ് റദ്ദ് ചെയ്ത് ടി കാലയളവിലെ തുക നേരിട്ട് ലഭ്യമാക്കണമെന്ന ആവശ്യം നിരസിച്ച് അപ്രകാരം ശ്രീ.തേജസ് എഡിസൺ സി. ഫയൽ ചെയ്ത റിട്ട് ഹർജി നം.33577/2024-ൽ 25.09.2024 തീയതി ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീ.തേജസ് എഡിസൺ സി., എഫ്.റ്റി.എം., പെങ്ങാമുക്ക് ഹൈസ്കൂൾ, തൃശ്ശൂർ - 680 544
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചാവക്കാട്
മാനേജർ, പെങ്ങാമുക്ക് ഹൈസ്കൂൾ, തൃശ്ശൂർ - 680 544
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

Signed by
Resmi Babu
Date: 11-02-2025 11:14:51